# Malayala Manorama

# 20 August 2018

# Kochi, Flood Relief, Koodeyund Nadu

# ‘കൂടെയുണ്ട് നാട്’; നിറഞ്ഞ മനസ്സോടെ സഹായ പ്രവാഹം

കൊച്ചി • പ്രളയബാധിതർക്കു സാന്ത്വനമേകി മലയാള മനോരമയും. ‘കൂടെയുണ്ട് നാട്’ എന്ന പേരിൽ മലയാള മനോരമയുടെ പനമ്പിള്ളി നഗറിലെ ഓഫിസിൽ ആരംഭിച്ച കലക്ഷൻ സെന്ററിൽ ഒട്ടേറെ സുമനസ്സുകളാണു ദുരിതമനുഭവിക്കുന്ന പ്രളയബാധിതർക്കുള്ള അവശ്യവസ്തുക്കളുമായെത്തിയത്.

കുട്ടികൾക്കും മുതിർന്നവർക്കുമുള്ള പുതിയ വസ്ത്രങ്ങൾ, റെഡി ടു ഈറ്റ് ഭക്ഷണ സാധനങ്ങൾ, മറ്റു ഭക്ഷ്യവസ്തുക്കൾ, നാപ്കിനുകൾ, അടിവസ്ത്രങ്ങൾ, കുപ്പിവെള്ളം തുടങ്ങി ഒട്ടേറെ വസ്തുക്കളാണ് ക്യാംപിൽ സമാഹരിച്ചത്. ഇന്നലെ ശേഖരിച്ച അവശ്യവസ്തുക്കൾ പറവൂർ, കോട്ടപ്പുറം, മുളവുകാട്, വരാപ്പുഴ തുടങ്ങിയ പ്രദേശങ്ങളിലെ ക്യാംപുകളിലെത്തിച്ചു. കലക്ഷൻ സെന്റർ ഇന്ന് ഒൻപതു മുതൽ പ്രവർത്തിക്കും.

ക്യാംപുകളിൽ നിന്ന്, വെള്ളമിറങ്ങിയ വീടുകളിലേക്കു പോകുന്നവർക്കായുള്ള അവശ്യവസ്തുക്കളടങ്ങിയ കിറ്റുകളും തയാറാക്കി നൽകേണ്ടതുണ്ട്. റബർ ബൂട്ട്, കട്ടിയുള്ള കൈയുറകൾ, എൻ95 മാസ്കുകൾ, കണ്ണട, സോപ്പുപൊടി, അണുനാശിനി, തറയുരച്ചു കഴുകാനുള്ള വിവിധ വലുപ്പത്തിലുള്ള സ്ക്രബറുകൾ, പ്ലാസ്റ്റിക് ട്രാഷ് സഞ്ചികൾ, എലിവിഷം എന്നിവ ചേർന്ന കിറ്റുകളാണു ഭവനശുദ്ധീകരണത്തിനു പോകുന്നവർക്കു നൽകാനുള്ളത്. കിറ്റുകളൊരുക്കുന്നതിനായുള്ള വസ്തുക്കളും ഭക്ഷണത്തോടും വസ്ത്രങ്ങളോടുമൊപ്പം ഇനി ആവശ്യമായുണ്ട്. ഫസ്റ്റ് എയ്ഡ് മെഡിക്കൽ കിറ്റ്, കൊതുകുനാശിനികൾ, അഡൽറ്റ് ഡയപ്പറുകൾ എന്നിവയും ആവശ്യമാണ്.



പ്രളയ ബാധിതർക്കു വിതരണം ചെയ്യാനായി വായനക്കാർ മലയാള മനോരമ കൊച്ചി ഓഫിസിൽ എത്തിച്ച സാധനങ്ങൾ.




12,000 പേരുള്ള കൂനമ്മാവ് പള്ളിയിലെ ക്യാംപിലും വടുതല ഡോൺ ബോസ്കോ, പുന്നയ്ക്കൽ സ്കൂൾ, ഹൈക്കോടതി ജംക്‌ഷനിലെ ഇൻഫന്റ് ജീസസ് പള്ളി, വൈപ്പിൻ മേഖലകളിലെ ക്യാംപുകൾ, സെന്റ് തെരേസാസ് കോളജിൽ പ്രവർത്തിക്കുന്ന ക്യാംപ് എന്നിവിടങ്ങളിൽ ഇന്നു രാവിലെ മുതൽ അവശ്യവസ്തുക്കളെത്തിക്കും.

‘കൂടെയുണ്ട് നാട്’ കലക്‌ഷൻ സെന്ററിലേക്ക് ഇന്നലെ സംഭാവന നൽകിയവർ:

- പ്രിയ ജോസ്, കടവന്ത്ര
- സംഗീത മാത്യു, ഗാന്ധിനഗർ
- പി.പി. പ്രിൻസ് , ഇടക്കൊച്ചി
- ജോൺസൻ പോൾ വൈറ്റില
- ഷീല റെജി, തൃപ്പൂണിത്തുറ
- രാജു ജോൺ, കടവന്ത്ര
- സേവ്യർ കൂടാരപ്പിള്ളി, കടവന്ത്ര
- വിസ്മയ ആർ. മോഹൻ, കടവന്ത്ര
- ടി. നാരായണൻ, പനമ്പള്ളിനഗർ
- ദിനേഷ്, തേവര
- ജയഗോപാൽ, പാടിവട്ടം
- ബോബൻ കുര്യൻ, കലൂർ
- രവി രഞ്ജിത്, ഇടപ്പള്ളി
- ജിതിൻ ജയിംസ്, ഇടപ്പള്ളി
- രവികുമാർ പൊന്നുരുന്നി
- കെ.എം. മാത്യു, ജവാഹർ നഗർ
- കെ. വീരമണി, പനമ്പിള്ളി നഗർ
- രാജീവ്, പനമ്പിള്ളി നഗർ
- ഷിബിൻ, പള്ളുരുത്തി
- ബേബി മാത്യു, പൊന്നുരുന്നി
- ടി.വി. മാത്യു, പൊന്നുരുന്നി
- ജിസ സൂസൻ
- മിഥുൻ ദാസ്, പള്ളുരുത്തി
- ഐസക് ഫ്രാൻസിസ്, പാലാരിവട്ടം
- പി.കെ. അനിഷ്, പനമ്പിള്ളി നഗർ
- കെ.സി. സുധീർ, തിരുവാങ്കുളം

### സ്ഥാപനങ്ങൾ:

- കോറൽ
- പൊൻകതിർ
- കേര
- ഡബിൾ ഹോഴ്സ്
- ഒലിവ് ഡൗൺടൗൺ
- സീമാസ്
- പാറയിൽ ഏജൻസീസ്
- ജൂഡ് ലൈം ലൈറ്റ് എന്റർപ്രൈസസ്